**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3789** **20.10.2016-ലെ മറുപടിക്ക്**

## "ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് നടപടി"

**ചോദ്യം**

**ശ്രീ. കെ.സി.ജോസഫ്**
**ശ്രീ.അൻവർ സാദത്ത്**
**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.അനിൽ അക്കര**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 86, 87 വകുപ്പുകൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്ന മിച്ചഭൂമിയിൽ വിതരണയോഗ്യമായ ഭൂമി ടി നിയമത്തിലെ 96-ാം വകുപ്പിലെയും അനുബന്ധചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ച് കുടികിടപ്പുകാർ, പട്ടിക ജാതി-പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ഭൂരഹിതരായ കർഷകത്തൊഴിലാളികൾ എന്നിവർക്ക് അവരുടെ അർഹതയും മുൻഗണനയും പരിഗണിച്ച് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇതിന് അതാതു ജില്ലാ കളക്ടർമാരാണ് നടപടികൾ സ്വീകരിക്കുന്നത്.<br>താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുന്നത്. ഭൂരഹിതർക്ക് മാത്രമായി മിച്ചഭൂമി നിലവിൽ ഏറ്റെടുക്കുന്നില്ല. പതിവിനു അനുയോജ്യമായ മിച്ചഭൂമി ടി നിയമത്തിലെ 96(1 എ)യും ഭൂപരിധി ചട്ടം 32 പ്രകാരവും പൊതു ആവശ്യത്തിലേയ്ക്കായി നീക്കിവച്ച് ഉത്തരവായ ശേഷം ആയത് *ഭൂരഹിതരില്ലാത്ത കേരളം* പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | ഭൂരഹിതർക്കായി ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ മിച്ചഭൂമി ഏറ്റെടുത്തു വെന്നും ഭൂരഹിതർക്കായി എത്ര ഭൂമി വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ 9.8542 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ടി ഭൂമി *ഭൂരഹിതരില്ലാത്ത കേരളം* പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു ജില്ലകളിൽ മിച്ചഭൂമി ഏറ്റെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതർക്ക് എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (ഡി) | വിവിധ ജില്ലകളിലായി 449.6286 ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തു. |
| (ഇ) | മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | മിച്ചഭൂമി ഏറ്റെടുത്ത് കഴിഞ്ഞാൽ കാലതാമസം കൂടാതെ പതിവിന് അനുയോജ്യമായ മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ച് വരുന്നു. |
| (എഫ്) | മിച്ചഭൂമി സംബന്ധിച്ച കേസുകളിൽ വേഗത്തിൽ തീർപ്പ് കല്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (എഫ്) | സംസ്ഥാന ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2016 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടന്ന അവലോകന യോഗങ്ങളിൽ സംസ്ഥാനത്തെ വിവിധ താലൂക്ക് ലാൻഡ് ബോർഡുകളിൽ നിലവിൽ കുടിശ്ശികയുള്ള മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൽഫലമായി കൂടുതൽ കേസുകൾ തീർപ്പുകൽപ്പിക്കപ്പെടുമെന്നും തദ്വാര കൂടുതൽ മിച്ചഭൂമി കണ്ടെത്താനാകുമെന്നും പ്രതീക്ഷിക്കുന്നു.<br>ബഹു.സുപ്രീംകോടതിയിലും, ബഹു. ഹൈക്കോടതിയിലുമുള്ള കേസുകളിൽ യഥാസമയം തന്നെ കാര്യവിവര പത്രിക, ആവശ്യമായി വരുന്ന മറ്റ് റിപ്പോർട്ടുകൾ മുതലായവ സമർപ്പിച്ചുകൊണ്ടും ബന്ധപ്പെട്ട സർക്കാർ അഭിഭാഷകർക്ക് ആവശ്യമായി വരുന്ന പ്രസക്ത വിവരങ്ങൾ ആതാതു സമയത്തുതന്നെ നൽകിക്കൊണ്ടും കേസുകൾ ത്വരിതഗതിയിൽ തീർപ്പാക്കിക്കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ